വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയംവരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. ആയതിനാൽ ടെണ്ടറുകളിൽ കൂടുതൽ മത്സരക്ഷമത ഉറപ്പുവരുത്തുന്നു. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ്സൈറ്റിൽ സ്റ്റോർ ചെയ്യുകയും പൊതുജനങ്ങൾക്ക് ലഭ്യമാകുകയും ചെയ്യും. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാനും കഴിയും.

(ഡി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേർണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായാണ് കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിയത്. എൻ.ഐ.സി വികസിപ്പിച്ച GEPNIC എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് ഐ.ടി.മിഷൻ ആണ്. ഇതിനുവേണ്ട സാങ്കേതിക സഹായം (payment gateway) നൽകുന്നത് എസ്.ബി.ടി.യാണ്. സംസ്ഥാന ട്രഷറി വകുപ്പും ധനവകുപ്പും ഐ.ടി.വകുപ്പും ചേർന്നാണ് ഈ സംവിധാനത്തിന്റെ ഏകോപനം നിർവ്വഹിക്കുന്നത്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും കടിവെള്ളവും

8 (*248) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രാഥമിക ആവശ്യത്തിനുള്ള സൗകര്യവും കടിവെള്ളവും ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സൗകര്യങ്ങൾ പൂർണ്ണമായും ഇപ്പോഴും ലഭ്യമായിട്ടില്ലാത്ത സ്ഥാപനങ്ങളുടെയും നിലവിലെ സംവിധാനത്തിൽ അറ്റകുറ്റപ്പണികൾ ആവശ്യമായവയുടെയും വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച അപര്യാപ്തതകൾ പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

807/2017

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) : സർ,

(എ) വിലയിരുത്തിയിട്ടുണ്ട്. യൂറിനൽ 1:40 എന്ന അനുപാതത്തിലും ടോയിലറ്റ് 1:120 അനുപാതത്തിലും ലഭ്യമാണ്. യൂറിനലിന്റെ എണ്ണം കുറവുള്ള സ്കൂളുകളിൽ ആനുപാതികമായി ടോയിലറ്റ് എണ്ണം കൂടുതലുണ്ട്. കുടിവെള്ളം എല്ലാ സ്കൂളുകളിലും ലഭ്യമാണ്. വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 സ്കൂളുകളിൽ കുടിവെള്ളം, ടോയിലറ്റ്, യൂറിനലുകൾ നിർമ്മിക്കുന്നതിന് 2012-13 സാമ്പത്തിക വർഷം 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിൽ 2010-11 സാമ്പത്തിക വർഷം 118 സ്കൂളുകൾക്ക് ശുചിമുറികൾ നിർമ്മിക്കുന്നതിന് 6.86 കോടി രൂപ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറി. ഇതിൽ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 200 സ്കൂളുകൾക്ക് 10 • കോടി രൂപയും, 113 സ്കൂളുകൾക്ക് 8.37 കോടി രൂപയും 500 സ്കൂളുകൾക്ക് 12.79 കോടി രൂപയും മൂന്നു സ്കീമുകളിലായി ശുചിമുറി നിർമ്മാണത്തിനും കുടിവെള്ള സൗകര്യം ഒരുക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ 74 സ്കൂളുകളിൽ പണി പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 146 സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. 121 ഹയർ സെക്കന്ററി സ്കൂളുകളിൽ ശുചിമുറി, കുടിവെള്ള സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. യു.ഡയസ് ഡേറ്റാ 2013-14 പ്രകാരം എലിമെന്ററി സ്കൂളുകളിൽ 137 ആൺകുട്ടികൾക്കായിട്ടുള്ള ടോയ്ലറ്റുകളും 82 പെൺകുട്ടികൾക്കായുള്ള ടോയ്ലറ്റുകളും ഇനി നിർമ്മിക്കേണ്ടതുണ്ട്. പബ്ലിക് സെക്ടർ യൂണിറ്റും കോർപ്പറേറ്റുകളും 71 ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നു. ബാക്കിയുള്ള 145 ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിന് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്ത്, എസ്.എസ്.എ. ഇവയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly